# പെരുവന്താനം ഗ്രാമ പഞ്ചായത്ത് കാര്യാലയം

പെരുവന്താനം പി.ഒ., ഇടുക്കി -685532

email-peruvanthanamgppvm@gmail.com

ഫോൺ -04869-280330


നം ജെ.സി2:1733610 /25 തീയതി. 23.07.2025

പ്രേക്ഷിതൻ

സെക്രട്ടറി

പെരുവന്താനം ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്

ഇന്റേണൽ വിജിലൻസ് ഓഫീസർ

തദ്ദേശ സ്വയംഭരണവകുപ്പ്

ഇടുക്കി

സർ,

വിഷയം : അബ്ദുൾ ലത്തീഫ് 04/07/2025 ൽ സിറ്റിസൺ അസിസ്റ്റന്റ് പോർട്ടലിൽ നൽകിയ പരാതി മറുപടി നൽകുന്നത് സംബന്ധിച്ച്

സൂചന : അങ്ങയുടെ 19/07/25 ലെ IV01/94/2025 നമ്പർ കത്ത്

മേൽ സൂചന കത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ശ്രീ.അബ്ദുൾ ലത്തീഫ് ,കളത്തുങ്കൽ സ്റ്റോർസ് എന്ന സ്ഥാപനത്തിന് ലൈസൻസ് ലഭ്യമാക്കുന്നതിന് 28/04/25 കെസ്മാർട്ട് സോഫ്റ്റ്വെയർ മുഖേന അപേക്ഷ സമർപ്പിച്ചിരുന്നതും, തൊഴിൽ നികുതി അടയ്ക്കുന്നതിന് ടി ഓഫീസിൽ നിന്നും ഡിമാന്റ് ചെയ്തിരുന്നതുമാണ്. എന്നാൽ അപേക്ഷകൻ അപേക്ഷയോടൊപ്പം തന്നിരുന്ന ഫോൺ നമ്പരിൽ നിരവധി തവണ ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും ഫോൺ ലഭ്യമാകാത്തതിനാൽ ഇദ്ദേഹത്തിനെ വിവരം അറിയിക്കാൻ സാധിച്ചിരുന്നില്ല. രേഖമൂലം കത്ത് നൽകുന്നതിന് ടി കാര്യാലയത്തിൽ നിന്നും വീഴ്ച വന്നിട്ടുണ്ട്. ഇത് ശ്രദ്ധയിൽ പെട്ടയുടൻ ടിയാളെ പ്രസിഡന്റ് മുഖേന ബന്ധപ്പെട്ട് തൊഴിൽ നികതിയടച്ച് 7/7/2025 ൽ ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്. മേലിൽ ഇത്തരം വീഴ്ചകൾ ഈ കാര്യാലയത്തിൽ നിന്നും ഉണ്ടാവുകയില്ല എന്ന വിവരം അറിയിച്ച് കൊള്ളുന്നു. ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുന്ന സേവനങ്ങൾ മുൻഗണന ക്രമത്തിൽ സമയബന്ധിതമായി പൊതുജനങ്ങൾക്ക് ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പ് വരുത്തികൊള്ളാവുന്നതാണ് എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

വിശ്വസ്തതയോടെ,

PERUVANTHANAM GRAMA PANCHAYATH
PERUVANTHANAM P.O
PIN-686532
Date.................
PEERMADE TALUK, IDUKKI DIST.

SECRETARY
Peruvanthanam Grama Panchayat
Peruvanthanam P.O., Idukki (Dist.)
Kerala, India, Pin-685 532